# രചനാത്മക സമരങ്ങളുടെ വർത്തമാനം

**കൂടുതൽ** നീതിക്കും ജനാധിപത്യത്തിനും സ്ഥായിയായ നിലനിൽപ്പിനും വേണ്ടിയുള്ള ജനകീയ സമരങ്ങളാണ് ലോകമെങ്ങും ഇപ്പോൾ നടക്കുന്ന പ്രക്ഷോഭങ്ങളുടെ രാഷ്ട്രീയം. അധികാരത്തിന്റെയും സമ്പത്തിന്റെയും കേന്ദ്രീകരണത്തിനെതിരെയുള്ള ജനരോഷം വിവിധ രൂപങ്ങളിൽ കേന്ദ്രീകരിച്ചും അല്ലാതെയും ശക്തിപ്പെടുകയാണ്. വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികളോ സംഘടനകളോ അല്ലാതെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഉള്ളവർ പുതിയൊരു രീതിയിൽ ഒത്തുചേർന്ന് മുന്നേറുന്നതിന്റെ പ്രതീക്ഷ നൽകുന്ന കാഴ്ചകളാണ് ലോകമെങ്ങും കാണാൻ കഴിയുന്നത്. രൂപപ്പെട്ടുവരുന്ന ഈ ശൃംഖലാജാലത്തിലൂടെ മെച്ചപ്പെട്ട മറ്റൊരു ലോകം സ്വപ്നം കാണാനാകും. അവർക്കിടയിൽ വൈരുദ്ധ്യങ്ങൾ ഉണ്ടാകാം. പുതിയ ലോകത്തെ ആ സമര സഖാക്കൾ പരസ്പരം പോരാടുന്നുണ്ടാകാം. എന്നാൽ നിലവിലുള്ള അനീതി നിറഞ്ഞ സാമൂഹ്യാവസ്ഥയെ ചെറുക്കുന്നതിൽ നിലവിലുള്ള ഘടനയുടെ രൂപങ്ങളെയും ശൈലികളെയും അതോടൊപ്പം അവർ മാറ്റിത്തീർക്കുന്നുണ്ട്. അപ്രതീക്ഷിതമായ നീക്കങ്ങളിലൂടെ അത് പുതുക്കുന്നുമുണ്ട്.

കോർപ്പറേറ്റ്‌വൽക്കരണത്തിന്റെ ഭീകരമായ ഇന്ത്യൻ അവസ്ഥയിലും പ്രത്യാശയുടെ കിരണങ്ങളാണ് ജനകീയ പ്രതിരോധങ്ങളുടെ പുതുമാതൃകകൾ സൃഷ്ടിക്കുന്നത്. നശീകരണ വികസനപദ്ധതികൾക്കെതിരായുള്ള വെറും പ്രതിഷേധമായല്ല, നീതിയും നിലനിൽപ്പുമുള്ള അനുയോജ്യവികസനത്തിന് വേണ്ടിയുള്ള രചനാത്മക സമരങ്ങളാണ് അവ. നിർമ്മാണാത്മക ബദലുകളും പല മേഖലകളിലെയും അടിത്തട്ടിൽ നിന്നുള്ള ഉശിരൻ അന്വേഷണങ്ങളുമാണത്. സത്യാഗ്രഹം എന്ന് വിശേഷിപ്പിക്കാവുന്നത്. ഇക്കാലത്തെ സത്യാന്വേഷണം സത്യത്തിനും അഹിംസക്കും സ്വാശ്രയത്വത്തിനും വേണ്ടിയുള്ള നിരന്തര പരീക്ഷണങ്ങളാണ്. ഇത് സ്വാതന്ത്ര്യസമരകാലത്തെ ഗാന്ധിയൻ സമരമുറയേക്കാൾ വൈപുല്യമുള്ള പലതലങ്ങളിലുമുള്ള സത്യാഗ്രഹമാകും. ഇത് വ്യവസ്ഥാപിത ഗാന്ധിസവുമായി വലിയ ബന്ധമില്ലാത്തതാണ്. എന്നാൽ, തീർച്ചയായും ഇത് വർത്തമാനകാലത്തേയും ഭാവിയേയും നിശ്ചയിക്കുന്ന ഒന്നാകും. ഓരോരുത്തരുടെയും സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് വികസിച്ചുവരുന്ന വർത്തമാനവെല്ലുവിളികളെ അഭിമുഖീകരിക്കുന്ന തുടക്കമാക്കാൻ ഈ ലക്കം കേരളീയം ശ്രമിക്കുന്നു.